## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം .6644 — 12.07.2012-ൽ മറുപടിക്ക്.

### മുഹമ്മ -കുമരകം റൂട്ടിലെ ബോട്ട് സർവ്വീസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. തിലോത്തമൻ : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
| (എ) | മുഹമ്മ-കുമരകം റൂട്ടിൽ മൂന്ന് ബോട്ടുകൾ സർവ്വീസ് നടത്തിയിരുന്ന സ്ഥാനത്ത് നിലവിൽ ഒരു ബോട്ടാണ് സർവ്വീസ് നടത്തുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമൂലം ജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; നിലവിൽ സർവ്വീസ് നടത്തുന്ന ബോട്ടുകൾ വളരെ കാലപ്പഴക്കം വന്നവയാണെന്നകാര്യം അറിയാമോ; ഈ പ്രശ്നങ്ങൾ അടിയന്തിരമായി പരിഹരിക്കാൻ പുതിയ ബോട്ടുകൾ അനുവദിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ; | (എ) | മുഹമ്മ-കുമരകം റൂട്ടിൽ നിലവിൽ രണ്ട് ബോട്ടുകൾ സർവ്വീസ് നടത്തുന്നുണ്ട്. ഈ രണ്ട് സർവ്വീസുകളും ടി പ്രദേശത്തെ യാത്രാക്ളേശം പരിഹരിക്കുന്നതിന് പര്യാപ്തമാണ്.<br>ഇപ്പോൾ മുഹമ്മ-കുമരകം റൂട്ടിൽ എസ്20, എ90 എന്നീ ബോട്ടുകളാണ് സർവ്വീസ് നടത്തുന്നത്. ഇവയിൽ എസ്20-ാം നമ്പർ ബോട്ട് 30.05.2009 ലും എ90-ാം നമ്പർ ബോട്ട് 08.02.2004 ലും വാങ്ങിയിട്ടുള്ളതാണ്.<br>പുതുതായി ബോട്ടുകൾ നിർമ്മിച്ച് ലഭിക്കുന്ന മുറയ്ക്ക് പുതിയ ബോട്ട് ഈ റൂട്ടിൽ നല്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |
| (ബി) | കുമരകം-മുഹമ്മ റൂട്ടിൽ മെച്ചപ്പെട്ട ബോട്ടുകൾ അനുവദിക്കുന്നതിനും മുഹമ്മ-കുമരകം റൂട്ടിലെ പോളക്കെട്ടും ആഴക്കുറവും പരിഹരിക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കുമോ ? | (ബി) | കുമരകം-മുഹമ്മ റൂട്ട് കനാലിന്റെ നീളം 9 കി.മീ. ആണ്. അതിൽ കുമരകത്ത് നിന്ന് പടിഞ്ഞാറോട്ട് 6 കി.മീ. നീളം ആഴം കൂട്ടി ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. ബാക്കി കനാലിന്റെ ഭാഗത്തെ പണികൾ ഇനിയും ഏറ്റെടുക്കേണ്ടതുണ്ട്. ബാക്കി ഭാഗം കൂടി ആഴം കൂട്ടുന്നതിന് ഇറിഗേഷൻ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പുതിയ ബോട്ടുകൾ നിർമ്മിച്ച് ലഭിക്കുന്ന മുറയ്ക്ക് പുതിയ ബോട്ട് ഈ റൂട്ടിൽ നല്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ